# C.M.S. HIGHER SECONDARY SCHOOL
# KUZHIKALA




# Splash
## 2019-20

Little Kites

# ഉള്ളടക്കം


മുഖമൊഴി.....2

മനുഷ്യന്റെ എടുത്തുചാട്ടം.....4

നൊമ്പരങ്ങൾ.....5

വിലാപം.....5

കടലാസ്തുണ്ട്.....6

വിദ്യാലയം.....8

കണ്ണീർ ദളങ്ങൾ.....9

ശലഭം.....11

പ്രകൃതിയെ ഇനിയും അവഗണിച്ചാൽ.....12

എന്നിട്ടും.....16

അകലെ.....17

# മുഖമൊഴി

കലുഷമായ കാലത്തിന്റെ

തീവ്രവിഹ്വലതകൾ

ഇടനെഞ്ചിലേറ്റുവാങ്ങുന്നവരാണ് നാം

ജീവിതത്തിനും, അതിന്റെ വേരുകൾക്കും

നിലകിട്ടാതെ അശാന്തി പൂണ്ട്

മനുഷ്യൻ

തൊണ്ടപൊട്ടി നിലവിളിക്കുന്നകാലം !

-പഠിക്കുന്നവരും പഠിപ്പിക്കുന്നവരും

നീതിതേടി

തെരുവിൽ സംഘമായി ചേരുന്ന വർത്തമാനം

-അതിന്റെ അലയൊലികൾ

വിദ്യാലയത്തിലേക്കും കടന്നുവരുന്നു.

-നാം അശാന്തരാണെന്ന്

ഓർമ്മപ്പെടുത്തുന്ന അടയാളപ്പെടുത്തുന്ന

കുട്ടികളുടെ ഹൃദയമിടിപ്പുകളാണ്

നിങ്ങളുടെ മുമ്പിൽ

സവിനയം സമർപ്പിക്കുന്നത്

--ആദരപൂർവ്വം

പത്രാധിപസമിതി

# മനുഷ്യന്റെ എടുത്തുചാട്ടം

ബ്രെനിറ്റ എബ്രഹാം
9 A

"പത്താംക്ലാസ് വിദ്യാർത്ഥി തൂങ്ങി മരിച്ച നിലയിൽ,കാരണം മാത്സ് പരീക്ഷയിൽ മാർക്ക് കുറഞ്ഞത് "
ഇതൊരു പത്രവാർത്തയാണ്.ആത്മഹത്യ ഒറ്റപ്പെട്ട സംഭവം അല്ലാത്ത കേരളത്തിൽ വാർത്താമാധ്യമങ്ങൾ രേഖപ്പെടുത്തിയത്.
തന്റെ ഒരു പ്രശ്നത്തിനും പരിഹാരമില്ലെന്ന് തോന്നുന്ന മനുഷ്യൻ എടുത്തുചാടി നടപ്പാക്കുന്ന തീരുമാനമാണ് 'ആത്മഹത്യ'.
തന്റെ എല്ലാ പ്രശ്നങ്ങൾക്കും അതൊരു പരിഹാരമാണെന്ന് മനുഷ്യൻ കരുതുന്നു.ആത്മഹത്യ ഒരു ഒളിച്ചോട്ടമാണ് ഇത്തരക്കാരെ
ഭീരുക്കൾ എന്നു വിളിക്കാനാണ് എനിക്കിഷ്ടം.പ്രശ്നങ്ങൾക്ക് പരിഹാരമില്ലെന്ന് കരുതുന്ന ഇവർ യാഥാർഥ്യം മനസിലാക്കുന്നില്ല.
"ഒരു വീടുമായി താരതമ്യം ചെയ്യുമ്പോൾ വാതിൽ വളരെ ചെറുതാണ്.എന്നാൽ വാതിലുമായി താരതമ്യം ചെയ്താൽ പൂട്ട് വളരെ
ചെറുതും.എന്നാൽ ഇവയെല്ലാത്തിനേക്കാളും ചെറുതാണ് താക്കോൽ.എന്നാൽ താക്കോലുകൊണ്ടു വീട് മുഴുവൻ നമുക്ക് തുറക്കാനാകും.
അതുകൊണ്ട് ചിന്തിച്ചെടുക്കുന്ന തീരുമാനങ്ങളിലൂടെ നമുക്ക് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്".അതുകൊണ്ടു നാം പ്രശ്നങ്ങളെ
അഭിമുഖീകരിക്കുക.എല്ലാത്തിനും പരിഹാരം ഉണ്ടെന്ന് വിശ്വസിക്കുക.പരാജയങ്ങൾ ഏറ്റുവാങ്ങാൻ ഒരിക്കലുംഭയക്കാതിരിക്കുക.
കാരണം വിജയകരമായ ഗണിതം (കണക്ക് )തുടങ്ങുന്നത് 'സീറോ'(പൂജ്യം)യിൽ നിന്നാണ്.നൂറു തവണ ശ്രമിച്ചു പരാജയപ്പെട്ടാൽ
നിരാശപ്പെടരുത് .തീർച്ചയായും നൂറ്റിഒന്നാം തവണ വിജയമായിരിക്കും.

# നൊമ്പരങ്ങൾ

**അഭിയ സാബു**
**9 A**

വീടില്ല നാടില്ല കായ്ക്കുന്ന മരമില്ല
വീശുന്നകാറ്റില്ല എങ്ങ് പോയിനീ
കാലവർഷ കെടുതന്നിന്നെയും
കൂട്ടീട് കാണാമറയത്ത് പോയ് മറഞ്ഞോ
ഓർക്കുന്നുവോ മനുഷ്യാ നീ നിൻ
ഭൂതകാലത്തിലെ ചെയ്തികളെ
പ്രതികാര ദാഹിയായ് അലയുന്നൊരു
പച്ചയാം പ്രകൃതി തൻ നൊമ്പരങ്ങൾ
ആയിരം ധീര ഹസ്തങ്ങളും നീട്ടി നിൻ
രക്ഷകരാകുന്നു കടലിന്റെ മക്കൾ
തീർന്നില്ല  തീരില്ല ഓർക്കുക നീ എന്നും
പച്ചയാം പ്രകൃതി തൻ നൊമ്പരങ്ങൾ

# വിലാപം

ഒരു തുടിതാളമായ്
കേഴുന്നു സദാ
അദഗ്നമാം മാലിന്യക്കൂട്ടുകളാലെൻ
പ്രാണനെടുക്കും നിന്നോടു ഞാൻ

അനുസ്യൂതം നീ തരും
മലിനമാലെൻ ഹൃത്തം
നോവാൽ എരിഞ്ഞു തീർന്നിടുന്നു
നിശ്ചലമായ് ദീർഘനിശ്വാസം പോഴി-
ച്ചിടും മനംനൊന്തനേരം

കലുഷമാം മിഴികളാലർഥിക്കും
നിത്യമെൻ ശാന്തിക്കുവേണ്ടി
അചുംബിതമാമീയുലകത്തിനാവി-
ല്ലൊരിക്കലുമെൻ ആധിയറിഞ്ഞിടാൻ
നിൽപ്പു നിൽ ഭാവത്തിൽ
ശിരസ്സു താഴ്ത്തി എനിക്കൊരു വാക്കുമൊഴിയാനാവാതെ...
നേരമില്ലാ മനുഷ്യജനസ്സിനു
നേരമില്ലാ എൻ വിലാപം കേട്ടിടാൻ

ധ്വംസനം ചെയ്യുകയാണീയുലകം
മുഴുവനും വരും തലമുറക്കൊരു
പങ്കം കൊടുത്തിടാതെ !!!
രജനിയിലെൻ അസഹനീയമാം
വദനം കാൺകേ ഓലക്കീറു
കൾക്കിടയിൽ രമണീയമാം
വാർതി മറഞ്ഞുനിൽപ്പൂ.....

**സനൂജ സനീഷ്**
**8 B**

# കടലാസ്തുണ്ട്

**അജി ശശി**
**8 B**

ചേച്ചിക് പണ്ടേ ആ റായിയെ പേടിയാണ് . കട്ടിക്രൂടിയ മീശയും മുറുക്കിയതിന്റെ ചുവപ്പ് ചേർന്ന് കറുപ്പകാലറായ വീതിയേറിയ ആ ചുണ്ടും എല്ലാം കണ്ടാലേ ഒരു പേടിയാ മഷിനിറയ്ക്കുന്ന ഒരു പേനയും സഞ്ചിയും അയാളുടെ വസ്ത്രധാരണയിലെ ഒരു പ്രധാന ഘടകമായിരുന്നു . നല്ല എഴുത്തുകാരനാണ് യഥാർത്ഥ പേര് ആർക്കുമറിയില്ല ആരെങ്കിലും  റായിയുടെ പേര് ചോദിച്ചാൽ അയാൾ വേറൊരാളോട് ചോദിക്കും "എന്തെയ്നു ആ റായിയുടെ പേര് ?" പക്ഷെ എനിക്ക് റായീടെ പേരറിയാം . അമ്പലത്തിലെ നമ്പൂതിരി ഒരുനാൾ റായിയോട് പേരുചോദിക്കുമ്പോൾ പിന്നിൽ ഞാനുണ്ടായിരുന്നു . റായി ഉറച്ച സ്വരത്തോടെ പറഞ്ഞു " രാഘവൻ " രാഘവൻ ന്നാ പേര് . ശേഖരൻ  എഴുതി തുടങ്ങിയതേ ഉള്ളൂ . പിന്നാമ്പുറത്തെ വാതിൽ തുറന്ന് മീനാക്ഷി അവനെ വിളിച്ചു . " ശേഖരൻ കുട്ടി " നീ വര്ണില്ലേ , ഊണ് കഴിക്കാനായി , ഉം വരാ ." അവനൊരു വരിക്രൂടി എണീക്കും മുമ്പെഴുതി . " ശേഖരൻ ന്നാ ന്റെ പേര് അമ്മേടെ രണ്ടാമത്തെയും അവസാനത്തെയും ക്രൂടിയായ എന്നെ ചിലർ വാത്സല്യത്തോടെ ശേഖരൻകുട്ടി ന്ന് വിളിക്കും ഞാനത് ഒട്ടും തിരുത്താറില്ല ന്റെ ശേഖരൻ കുട്ടി നീയെന്തെടുക്കാ ഊണ് വെളമ്പ്യേകണ്ടില്ലേ ? സ്വല്പനേരത്തെ നിശബ്ദ യിൽ നിന്നുണർന്ന  ശേഖര പറഞ്ഞു ദേ വരുന്നു അമ്മണ്ടാക്കണ കറിക്ക്  അൽപ്പം സ്വാദ് ക്രൂടുതാലാണെന്ന് അവനറിയാം .  എങ്കിലും അമ്മയോട് ചോദിക്കാണ് അമ്മേ, ഇന്നത്തെ കറിക്ക് എന്തുപറ്റി ? ആകാംക്ഷയോടെയും സങ്കടത്തോടെയും അമ്മ പതിഞ്ഞ സ്വരത്തിൽ അവനോട് ചോദിച്ചു.  "ന്തെ കറി നന്നല്ലെ ?”  ശേഖരൻ നറു പുഞ്ചിരിയോടെ തലയാട്ടി. ആ ഭാവത്തിൽ നിന്നും അമ്മേടെ മുഖം മെല്ലെ സന്തോഷത്തേക്കൊന്നു ചാഞ്ചാടി.  ഊണ് കഴിഞ്ഞാലുള്ള ഉറക്കം അവിടെ എല്ലാവർക്കും പതിവാണ്. ശേഖരൻ ആ പതിവ് ഒരിക്കൽ പോലും തെറ്റിച്ചിട്ടില്ല.  പക്ഷേ അവസാന ഉറക്കത്തെ മനഃപൂർവ്വം ഒന്ന് മറന്നു പോയി.  രാഘവനെകുറിച്ചെഴുതുവാൻ തിടുക്കമായിരുന്നു.  പേനയും പുസ്തകവും എടുത്ത് അവൻ എഴുതുമ്പോഴേക്കും ചെറിയച്ചനും കുട്ട്യോളും ഇങ്ങെത്തി.  അവരുണ്ടാകുമ്പോൾ എഴുതുതാൻ കഴിയുമെന്ന് സ്വപ്നത്തിൽ പോലും അവനുറപ്പില്ല.  പേനയും പുസ്തകവും മടക്കി

അലമാറയ്ക്കു മുകളിൽ വച്ചു, പിന്നെ ചാരുകസേരയിലിരുന്ന് പ്രകൃതിയെ അവൻ സ്നേഹിച്ചു തുടങ്ങി. ശേഖരന് എഴുതലും പ്രകൃതിയുമായി കൂട്ടുകൂടലും വിത്തിടലും പക്ഷിയുടെ പശുവിന്റെ കൂടെ സമയം ചിലവഴിക്കലുമെല്ലാം വലിയ ഇഷ്ടമാണ്. എഴുതിയ പ്രധാന വിഷയം മിക്കപ്പോഴും പ്രകൃതി തന്നെയായിരിക്കും. പക്ഷേ, ഇപ്പോൾ അത് രാഘവനിലേക്കെന്നപോലെ ഒന്നു വഴുതിവീണു. ചെറിയച്ചനും ചെറിയമ്മയും ഈ വീട് വിട്ടിറങ്ങിയിട്ട് എത്ര നാളായെന്നോ ?

ഞാൻ ചെറുതാകുമ്പോൾ ചെറിയച്ചൻ ചെറിയമ്മേനും കൂട്ടി വീട്ടിലേക്കണ്ണുവന്നു. അന്ന് വീട്ടിലുണ്ടായ ബഹളം ഈ നാട്ടിലേ ഉണ്ടായിട്ടില്ല. അമ്മയും അച്ചനും വീട്ടിൽ കേറ്റില്ല എന്ന് പറഞ്ഞതേനു. എന്നിട്ടെന്തായി അന്ന് ചെറിയമ്മേനെ കണ്ടാൽ മൂക്കിൻ തുമ്പത്തായിരുന്നു ദേഷ്യം എന്നാലിന്ന് തുമ്പത്തുപോയിട് ഏഴയലത്തുപോലുമില്ല അമ്മേടെ ദേഷ്യം കുറച്ചതിലുള്ള വല്യപങ്ക് എന്റെ അച്ഛനാണുള്ളതെ തീർത്തും എനിക്കുപറയാനാകും ബന്ധങ്ങളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന വേരുകളുള്ള ഒരുമരമായിരുന്നു എന്റെ അച്ഛൻ . ആയുസ്സ് കൂടുമ്പോഴും വേരുകളുടെ ദൃഢത നഷ്ടപ്പെടാത്ത ഒരു മരം

നേരം ഇരുട്ടി തുടങ്ങിയിരിക്കുന്നു ഞങ്ങൾ പോവ്വാണ്ട്ടോ കുട്ട്യേക്ക് സ്കൂളൊക്കെ ഉള്ളതല്ലേ , വേറൊരിസം നേരെത്തെ വരം ഉം ശേഖരാ അവർ പോവാ അച്ഛൻ പറഞ്ഞു ഞങ്ങളവരെ യാത്രയാക്കി . നിലാവ് കൊണ്ട് ചന്ദ്രനാഹങ്കരിച്ചും തിളക്കം കൊണ്ട് നക്ഷത്രങ്ങൾ അഹങ്കരിച്ചും നിൽക്കുന്ന ഒരുരാത്രിയായിരുന്നു അത് . ഞാനും അച്ഛനും ഉമ്മറപ്പടിയിൽ ഇങ്ങനെ ഇരുന്നു അച്ഛനെന്നോട് എന്തൊക്കെയോ പറഞ്ഞു വളരണം വലുതാവണം ജോലിവേണം അധ്യാനിക്കണം വേരുകൾ ദൃഢമാക്കണം അങ്ങനെ പലതും ഞാനിതാലോചിച്ചങ്ങനെ കിടന്നുറങ്ങി

നേരം വെളുത്തു കുട്ടികളുടെ അലറൽ കേട്ടാണ് ഞാനുണർന്നത് എണീച്ചപ്പോയെക്കും അച്ഛൻ പ്രഭാത നടത്തത്തിന് പോയിരുന്നു . കിളികളുടെ കാലരാൽ കേട്ടിട്ട് എനിക്ക് വല്ലാത്തൊരു പേടി . ദൃഹാങ്കിളി വല്ലാതെ കരയുന്നുണ്ട് ആരാ എന്താ മനസ്സന്തോ എനിക്ക് വേണ്ടി പറയാനൊരുക്കി വെച്ചിരിക്കുന്നു കണ്ണുനീർ പറയാനായി ധൃതി കൂട്ടുന്നു . ആരോ ഓടിവന്നു ശേഖരാ പോയെടാ അച്ഛൻ പോയെടാ മനസ്സെന്നോട് പറഞ്ഞു അച്ഛൻ പോയി കണ്ണുനീരിന്റെ അനുവാദമില്ലാതെ നിറഞ്ഞൊഴുകി ജീവിതാനുഭവങ്ങളിൽ സന്തോഷം നിറച്ചത് അച്ഛനാണ് ബന്ധങ്ങളെ കൂട്ടിയോജിപ്പിച്ച ദൃഢതയുള്ള വേരുകളുള്ള മരം ഒരു കട്ടിൽ മറിഞ്ഞുവീണിരിക്കുന്നു ഭൂമിയുമായി ചേർന്നിരിക്കുന്നു

ഞാനച്ഛനെ കുറിച്ചെഴുതിയ കടലാസ്സുതുണ്ട് നോക്കി കണ്ണീരൊഴുക്കാനേ എനിക്കയുള്ളൂ .

# വിദ്യാലയം

ഗുരുസാമീപ്യത്തിനുമുന്നിൽ
പകച്ചുപോയ ദിനങ്ങൾ
എത്രയോ
ഞാനാരാണെന്നു പറഞ്ഞു
തന്ന ആ നല്ല നിമിഷങ്ങൾ
എല്ലാ അഴിഞ്ഞുമാറാട്ടങ്ങളും
കഴിഞ്ഞു ബോറടി മാറ്റാനുള്ള
മുട്ടൻ ഉപാധി വായന
തത്ത്വജ്ഞാനിയും കവിയും
കലാകാരനുമാകുമെന്ന്
ദൃഢപ്രതിജ്ഞയും
ആവർത്തിക്കുമവിദ്യാലയം
ആസ്വാദ്യപ്രകടങ്ങൾ പോലും
കൊതിതീരാതാലയം
അറിവിന്റെ കവാടങ്ങൾ
തുറന്നുപിടിച്ചു മനുഷ്യനെ
മനുഷ്യനാക്കി തീർത്ത
മഹാസാഗരം  സ്നേഹത്തിന്റെ
മഹാസാഗരം

**അമ്മു എസ്.**
**9 B**

# കണ്ണീർ ദളങ്ങൾ

കലാലയ മണ്ണിൽ കണ്ണീർ വീഴ്ത്തി
നാം വന്നൊരു നാല്
കാടിന്യപ്രേരണം മൂലം നമ്മെ
യിരിത്തിയൊരു നാലുചുമരിനുള്ളിൽ
ആരോ ഒരാളെന്നപോൾ നോക്കികണ്ടൊരു
നിമിഷം ഇവിടെ കടന്നുപോകയായ്
മായാത്ത ഓർമ്മകൾ കീരരുവാല
പോലെൻമനസ്സിലിരുന്നെങ്കിൽ
വേണ്ടയത്തിന്മേൽ ഒന്നുമെയിനി
വേറെയൊന്നുമെനിക്കായ് ഇനിയെത്രനാളും
കൻേറതുടച്ചു കയറിയ പടികളിനി
കണ്ണീർ വീഴ്ത്തിത്തന്നെ നാം ഇറങ്ങണം
നേരമില്ലിനി മായാത്ത കനവുകൾ
യതിനവാക്കി ഇവിടെ കൊഴിഞ്ഞു
പോകയായ് ഈ കുരുന്നു ദളങ്ങൾ
ഉഷസ്സിനെ നോക്കിയുണരുമീ കുസമായതോർത്തില്ലേ
യൊരുനാൾ പൊഴിയുമീ ദളങ്ങളാ
നിന്നു സത്യം
നൊമ്പരക്കടലിനുള്ളിലായിത്തീർത്ത ഒരു സ്നേഹ
ബന്ധം വീണ്ടും നിലാവുപോൽ
തെളിഞ്ഞുവെങ്കിൽ
ആഹാ എത്രശോഭിതമീ
അമൃതമാം സൗഹൃദം

**വിൻസ് റ്റി.**
**8 A**

# ശലഭം

മഴവില്ലിൻ വർണമായി പാറിടും

ചേലേറിടുന്നൊരു പൂമ്പാറ്റ

അഴകേറുന്നോരു പുള്ളിയുടുപ്പ്

നിയക്കാര് തന്നു ?

നിന്നരികിലണയാൻ ഞാൻ

കൊതിപ്പൂ,നിന്നരികിലണയുമ്പോൾ

നീ പാറിയകലുന്നു

അത് കാൺകെ ഞാൻ

മൂകയായ് നോക്കി നിൽപ്പൂ

**ഗ്രീഷ്മ ഗിരീഷ്**
**8 A**

# പ്രകൃതിയെ ഇനിയും അവഗണിച്ചാൽ

നമ്മുടെ കൊച്ചു കേരളം കഴിഞ്ഞ വർഷവും , ഈ വർഷവും അനുഭവിച്ചത് സമാനതികളില്ലാത്ത ദുരന്തമാണ് . മലയാളികൾ ജാതി മത - വർഗ - ഭേദമന്യേ അന്യോന്യം സമാധാനിപ്പിക്കുകയും സഹായിക്കുകയും ചെയ്തു .കേരളം സർക്കാർ കരുതലോടെയും നേതൃപാടവത്തോടെയും ദുരന്തങ്ങളെ നേരിട്ടു .നമ്മുടെ പ്രവർത്തി മറ്റു സംസ്ഥാനങ്ങളിലും ,രാജ്യങ്ങളിലും വിസ്മയവും,കൗതുകവുമുണർത്തി .പക്ഷെ ,ഇനി ഒരു ദുരന്തത്തെ കൂടി അതിജീവിക്കാനുള്ള കരുത്ത് കൊച്ചു കേരളത്തിനില്ല . നഷ്ടങ്ങളിൽ നിന്ന് കരകയറും മുന്നെയാണ് അടുത്ത ദുരന്തവും നമ്മെ തേടിയെത്തിയത് .നാം അനുഭവിച്ച ദുരന്തങ്ങൾക്ക് കാരണക്കാരൻ ആരാണ് ?

നാം തന്നെയാണ് .നാം മരങ്ങൾ വെട്ടിമുറിച്ചു .അവിടെ ,ഭീമൻ കെട്ടിട സമുച്ചയങ്ങൾ പണിതുയർത്തി .വയലുകളും ,പാടങ്ങളും നിരത്തി അവിടെയും കെട്ടിടങ്ങൾ ഉയർത്തി .ഈ അടുത്ത കാലത്താണ് കൊച്ചിയയെ നാല് ഭീമൻ കെട്ടിട സമുച്ചയങ്ങൾ തീരദേശ നിയമം ലംഘിച്ചു എന്ന കാരണത്താൽ പൊളിച്ചത് .ഇനിയും നിയമത്തിന്റെ കണ്ണിൽ പെടാതെ കിടക്കുന്ന കെട്ടിടങ്ങളെ പറ്റി ആരറിഞ്ഞു ? പലർക്കും നദികൾ മാലിന്യം സംസ്കരിക്കാനുള്ള ഒരു പ്രദേശം മാത്രമാണ് .44 നദികളാൽ സുന്ദരമായ കേരളത്തിൽ ഇന്ന് എത്ര നദികൾ ശുദ്ധ ജലം വഹിച്ച് ഒഴുകുന്നു ? പെരിയാറിനു മുന്നേ ,കേരളത്തിന്റെ നീളം കൂടിയ നദിയായിരുന്ന ഭാരത പുഴയുടെ ഇപ്പോഴത്തെ അവസ്ഥ ദയനീയമാണ് .അതിന് കാരണം മാലിന്യം സംസക്കരിക്കലും ,അനിയന്ത്രിതമായ മണ്ണു കടത്തലുമാണ് .മറ്റൊന്ന് പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗമാണ് .പോരാത്തതിന് ,മണ്ണിൽ ഒരിക്കലും ലയിക്കാത്ത ഈ വസ്തു മണ്ണിൽ തന്നെ നാം നിക്ഷേപിക്കുന്നു .കേരളേത്തിലെ തണുപ്പുള്ള ജില്ലകളിലൊന്നാണ് വയനാട് .എന്നാൽ ,ഈ അടുത്ത കാലത്ത് വന്ന ഒരു റിപ്പോർട്ട് അനുസരിച്ച് ,വയനാട്ടിൽ തണുപ്പ് താരതമ്യേന കുറഞ്ഞിട്ടുണ്ട് പോലും .അതിനും കാരണക്കാരൻ മനുഷ്യൻ

തന്നെ .നാം ചെയ്യുന്ന ക്രൂരതക്കും ,പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തിനും പകരം  വീട്ടുകയാണ് പ്രകൃതി നമ്മോട് .അത് ചില കാലാവസ്ഥ വ്യതിയാനങ്ങളിൽ കൂടിയാണെന്ന് മാത്രം .കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ പഴയതിൽ നിന്ന് ഏറെ വ്യത്യസ്തമാണ് .
ആദ്യകാലങ്ങളിൽ കേരളത്തിൽ മഴക്കും ,വെയിലിനുമൊക്കെ കൃത്യമായ കാലവും ,സമയവും ഒക്കെ ഉണ്ടായിരുന്നു .ഇപ്പോൾ അങ്ങനെയാണോ ? ചില സമയങ്ങളിൽ മഴതീരെ കുറവ് ,ചില സമയങ്ങളിലാകട്ടെ ,മഴകാരണം വെള്ളപ്പൊക്കവും ,ഉരുൾപൊട്ടലും .ഇനി വേനൽ കാലത്താണെങ്കിൽ കടുത്ത ചൂട് .ഓരോ കൊല്ലവും വേനൽ ചൂട് കൂടുന്നു .നമ്മുടെ കേരളത്തെ പഴയത്പോലെ മാറ്റാനുള്ള പരിഹാരം എന്താണ് ?
അതിന് നമ്മുക്ക് എന്ത് ചെയ്യാം ?

നമുക്ക് മരങ്ങൾ വെച്ചുപിടിപ്പിക്കാം,വന നശീകരണം  തടയാം .അത് ഒരു പരിധിവരെ പ്രളയത്തെ പോലുള്ള ദുരന്തങ്ങളെ  തടയും .പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറക്കാം .നദികളിൽ മാലിന്യം വലിച്ചെറിയാതിരിക്കാം ,ഇത് മൂലം നദികൾ ഉപയോഗ ശൂന്യമാകുന്നത് തടയാം .നദികളിൽ നിന്ന് അനിയന്ത്രിയമായ മണ്ണ് വരുന്നത് തടയാം ,ഇങ്ങനെ ഉള്ളവർക്ക് അരിഹിക്കുന്ന ശിക്ഷ നൽകണം .വയലും ,പാടങ്ങളും നികുതിയുള്ള കെട്ടിട നിർമാണം ഒഴിവാക്കാം .അനിയന്ത്രിത കെട്ടിട നിർമാണങ്ങൾ നിയമത്തിന്റെ ശ്രദ്ധയിൽ പെടുത്താം .പൊതു സ്ഥലങ്ങളിൽ മരങ്ങൾ വെച്ച് പിടിപ്പിക്കുമ്പോൾ അത് മറ്റുള്ളവർക്ക് അതൊരു തണലാണ് .

നാം ചെയ്യുന്ന ഓരോ ക്രൂരതക്കും പ്രകൃതിയും ,കാലവും നമ്മോട് പ്രതികാരം വീട്ടി കൊണ്ടേയിരിക്കും .ഇനി ഒരു ദുരന്തം നമ്മുടെ കൊച്ചുകേരളത്തിന് താങ്ങാവുന്നതിനും അപ്പുറമാണ് .അങ്ങനെ ഒന്നുണ്ടായാൽ കരകയറുന്ന കേരളം വീണ്ടും താഴ്ചയിലേക്കു വീഴും .ദൈവത്തിന്റെ സ്വന്തം നാടായിരുന്ന കേരളം .വയലുകളും ,നദികളും ,കായലുകളും ,തീര പ്രദേശങ്ങളിൽ തെങ്ങിൻ തോപ്പുകളും ചേർന്ന് സൗന്ദര്യത്തിന്റെ പ്രതീകം .ഇപ്പോൾ കാലം മുന്നോട്ടു പോകുന്നു .അതിനൊപ്പം സാകേതിക വിദ്യയും ,ശാസ്ത്രവും ,വിദ്യാഭ്യാസവുമെല്ലാം മുന്നേ സഞ്ചരിക്കുന്നു .പക്ഷെ ,പ്രകൃതിയുടെ കാര്യത്തിൽ

മാത്രം മനുഷ്യൻ പിന്നോട്ട് .നമുക്ക് വേണ്ടതെല്ലാം തെരുന്ന പ്രകൃതിയെ മാത്രം നാം അവഗണിക്കുന്ന .
അല്ലെങ്കിൽ അവഗണിക്കാൻ മനപ്പൂർവം ശ്രമിക്കുന്നു .പഴയ കേരളത്തെ വീണ്ടെടുക്കാൻ നമുക്കാവില്ല .എങ്കിലും , നാം ശ്രമിച്ചാൽ ഒരു പരിധി വരെ പ്രകൃതിയെ സംരക്ഷിക്കാൻ നമുക്കാകും .നാം ഇനിയും തള്ളിക്കളഞ്ഞാൽ ഭാവിയിൽ അനുഭവിക്കേണ്ടിവരുക കോട്ടം ദുരന്തങ്ങളായിരിക്കും .ഓരോരുത്തരെടെയും ഓര്മയിലിരിക്കട്ടെ ,നാം ചെയ്യുന്ന ക്രൂരതെക്കെല്ലാം പ്രകൃതിയും കാലവും നമ്മോടു പകരം ചോദിക്കുക തന്നെ ചെയ്യും .

**ആതിര എ.**
**9 B**



# എന്നിട്ടും

ഏബൽ മാത്യു
9 A

ഇലകൾക്കും മലയിടുക്കുകൾക്കും കടലിനുമകലെ
പ്രപഞ്ചജീവന്റെ തുടിപ്പുണരുമ്പോൾ
അറിയില്ല നാമൊന്നും ഭയമെന്ന
ഭയമെന്ന വാക്കിന്റെയുള്ളിലെ തീക്കനൽ
ജനമന്നു കാത്തൊരു പ്രപഞ്ച
ജീവന്റെ തുടിപ്പകലുമ്പോൾ
അറിയില്ല ആരുമേ ,
ജീവന്റെ വിലയെന്ന്.
തോടും ,പുഴയും നിറയുന്ന സമയത്തും
കാലം മാറി മറിയുന്നനേരത്തും
അറിയില്ല ആരുമേ
ഭൂമി തൻ സൗന്ദര്യം
മഴയും തണപ്പും കൊടും -
ചൂടുമെപ്പോഴും മാറി മറിയുന്നു
എന്നിട്ടുമറിയില്ല
ദൈവത്തിന്റെ സൃഷ്ടികൾ
നാമിന്നു കുടിക്കുമീ വെള്ളവും
എന്തിനെല്ലാമെല്ലാമെൻ
നാഥന്റെ സൃഷ്ടികൾ
അറിയില്ല ,
അറിയുന്നില്ല ,അറിയേണ്ടതില്ല ,അറിയാൻ-
ശ്രമിക്കുന്നുമില്ലയെന്നൊരു വാക്യത്തിൽ
വീഴുകയാണ്ഈ പ്രപഞ്ചത്തിൽ മക്കൾ

# അകലെ....

എൻ പ്രാണനിൽ  പ്രണയമെന്നുഴിതിയതെന്തിന്
ഹൃദയത്തിൽ  ഒരായിരം നോവ് തന്നു നീ
മൗനത്താൽ അകന്നപ്പോൾ അറിഞ്ഞില്ല ഞാൻ
അത്രമേൽ നിന്നിലേക്ക്  അടുത്തുപോയെന്ന്
മറവി കൊണ്ടെത്ര മൂടി മറിച്ചിട്ടും
ഓർമ്മകൾ പെയ്തിറങ്ങുമ്പോൾ
കണ്ണീരുതൻ നനവോടെ ഹൃദയത്തി
ലെങ്ങോ ചോർന്നൊലിക്കുന്നു നീ
എന്നിലെ സ്വപ്നങ്ങൾ കവര്ന്നെടുത്ത്
ഏകാന്തതയുടെ  ഇരുട്ടിലേക്ക്  ഒരുപിടി
ഓർമ്മകളും തന്നു നീ നടന്നകലുമ്പോൾ
എന്നിൽ ബാക്കി വെച്ച നിന്നെകൊണ്ടു
പോകാൻ  മറന്നു പോയി നീ

**അനു  അജിത്ത്**
**8 B**